ഉത്തരം

(എ ആൻറ് ബി) ഈ വർഷം ഐ. ആർ. ഡി. പി. മേള നടത്തുന്നത് സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

തേക്കടി വിജ്ഞാന വ്യാപന കേന്ദ്രത്തിന്റെ പ്രവർത്തനം

56. [1542] ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തേക്കടിയിൽ ആരംഭിച്ച വിജ്ഞാന വ്യാപന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) ഇത്തരം കേന്ദ്രങ്ങൾ മറ്റെവിടെയെങ്കിലും തുടങ്ങുന്നുണ്ടോ ;

(സി) എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തേക്കടിയിലെത്തുന്ന സന്ദർശകർക്ക് പ്രകൃതി സംരക്ഷണത്തിന്റെയും വനസംരക്ഷണത്തിന്റെയും ജൈവ വൈവിദ്ധ്യത്തിന്റെയും സംരക്ഷണത്തിന്റെയും അനിവാര്യത മനസ്സിലാക്കിക്കൊടുക്കുക എന്നതാണ് ഈ കേന്ദ്രത്തിന്റെ പ്രധാന പ്രവർത്തനം. ഇതിനായി ചാർട്ടുകൾ, മോഡലുകൾ എന്നിവ പ്രദർശിപ്പിക്കുക, സിനിമകൾ കാണിക്കുക, ചർച്ചാ ക്ലാസ്സുകൾ സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഉണ്ട്.

(സി) നെയ്യാർ, പറമ്പിക്കുളം, സൈലൻറ് വാലി, വയനാട്, തട്ടേക്കാട് എന്നിവിടങ്ങളിൽ ഇത്തരം കേന്ദ്രങ്ങൾ തുടങ്ങുന്നുണ്ട്.

ഗ്രാമവികസന പദ്ധതികൾക്ക് കപ്പാർട്ടിന്റെ അനുമതി

57. [1543] ശ്രീ. എ. യൂനുസ്കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന പദ്ധതികൾക്ക് കപ്പാർട്ടിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത് ;

(സി) മലപ്പുറം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാസ് (കേരള) വഴി സമർപ്പിച്ച 10,29,70,754 രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) മലപ്പുറം നിയോജകമണ്ഡലത്തിൽ പാസ് (കേരള) വഴി കപ്പാർട്ടിന്റെ ധനസഹായത്തോടെ പദ്ധതികളൊന്നും നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly